**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 631

27.04.2017 ലെ
മറുപടിയ്ക്ക്.

**ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ കുടിവെള്ള പദ്ധതിയ്ക്ക് തുക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിൽ നിന്നും 2014-17 കാലയളവിൽ തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിൽ നിന്നും 2014-15, 2015-16 എന്നീ വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദ വിവരം ശേഖരിച്ചു വരുന്നു.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിൽ നിന്നും 2014-15, 2015-16 എന്നീ വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദ വിവരം (ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും) അനുബന്ധം-1, 2 ആയി ചേർത്തിരിക്കുന്നു. 2016-17 വർഷം സംസ്ഥാനതലത്തിൽ കോർപ്പസ് ഫണ്ടിൽ അനുവദിച്ച പദ്ധതികളുടെ വിവരം അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു. 2016-17 വർഷം ജില്ലാതലത്തിൽ കോർപ്പസ് ഫണ്ടിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഏറനാട് മണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലെ പുതിയത്ത് പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതിക്കായി 2014-15 വർഷത്തെ കോർപ്പസ് ഫണ്ടിൽ നിന്നും ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നോ; | (ബി) | നൽകിയിരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിക്കുള്ള തുക നാളിതുവരെയായി നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)യും<br>(ഡി)യും | 29-03-2017 ന് പുതിയത്ത് എസ്.സി കോളനി കുടിവെള്ള പദ്ധതിയ്ക്ക് 7,00,521/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | ആയത് അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്